# ഖുർആൻ പഠിക്കുക...! ഖുർആനിലേക്കു മടങ്ങുക...!!

## അക്ഷരാഭ്യാസം – ഒന്നാമത്തെ ഇസ്ലാംകാര്യം.

‘പേനകൊണ്ടെഴുതാൻ പഠിപ്പിച്ച നിന്റെ നാഥൻ (ദൈവം) അത്യുദാരനാണ്, അതിനാൽ നീ വായിക്കണം (വായിക്കാൻ പഠിക്കണം). കേവലം ഒരു മാംസപിണ്ഢത്തിൽ (ഭ്രൂണത്തിൽ) (അട്ടയെപ്പോലെ ഒട്ടിപ്പിടിച്ച് നിൽക്കുന്ന മാംസപിണ്ഢത്തിൽ) നിന്നാണ് മനുഷ്യൻസൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. (അങ്ങിനെയുള്ള ആ മനുഷ്യൻ വളർന്നുവലുതാകുമ്പോൾ വിശേഷബുദ്ധിയില്ലാത്ത കന്നുകാലികളെപ്പോലെ അല്ലെങ്കിൽ പരാശ്രയനും, നിസ്സഹായനും, പരാന്നഭോജിയുമായ(parasite) അട്ടയെപ്പോലെ കേവലം ‘സഞ്ചരിക്കുന്ന ഒരു മാംസപിണ്ഢ’മായി തരം താഴാത്തവിധം അവനെ വായനയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്രചിന്തയിലൂടെയും ഉൽകൃഷ്ടനാക്കുന്നത്, അവൻ നേടുന്ന വിജ്ഞാനവും വിദ്യാഭ്യാസവുമാണ്. അങ്ങനെ വിജ്ഞാനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും മനുഷ്യന് മുൻകാലങ്ങളിൽ അറിയാതിരുന്ന പല കാര്യങ്ങളും പഠിപ്പിക്കുകയും അതുവഴി മനുഷ്യനെയും മനുഷ്യവംശത്തെയും പടിപടിയായി വളർത്തുകയും ചെയ്ത അത്യുദാരനായ ആ റബ്ബിന്റെ (ദൈവത്തിന്റെ) നാമത്തിൽ നീ വായിക്കണം,- വായിച്ചു വളരണം ’ – എന്നിങ്ങനെ രണ്ടുതവണ ഒരേസമയം നബിയോടും, അറബികളോടും, മാനവരാശിയോടും, വായിക്കാൻ കൽപ്പിച്ചുകൊണ്ടാണ് ഖുർആൻ ആരംഭിച്ചതു തന്നെ...!! (96:1-5)

‘നിരക്ഷരകുക്ഷികൾ’, ‘വിവരം കെട്ടവർ’ അഥവാ ‘ഉമ്മിയ്യുകൾ’ എന്നു ലോകം കളിയാക്കിയിരുന്ന അറബികൾക്ക് ആദ്യമായി വേണ്ടതും വിദ്യാഭ്യാസം തന്നെയായിരുന്നു....!! വിശുദ്ധ ഖുർആനിലെ ആദ്യത്തെ കൽപ്പന തന്നെ – നബി തിരുമേനി ആദ്യമായി പ്രബോധനം ചെയ്ത വചനം തന്നെ – വായിക്കാനും വായിച്ചു വളരാനുമുള്ള ഒരു കൽപ്പനയാണെന്നിരിക്കേ, നബിക്ക് എഴുതാനും വായിക്കാനും അറിയാമായിരുന്നു എന്നതിന്ന് ഖുർആനും ഹദീസുഗ്രന്ഥങ്ങളും, ഇസ്ലാമിക ചരിത്രവും സാക്ഷിനിൽക്കേ, മരണം വരെ വിശുദ്ധഖുർആനിലെ പ്രഥമവും സുപ്രധാനവുമായ ആ കൽപന നബി പോലും സ്വീകരിച്ചിട്ടില്ലെന്നും, എഴുത്തും വായനയും അറിയാത്ത ഒരു നിരക്ഷരകുക്ഷിയായ കാട്ടറബിയായിരുന്നു നബിയെന്നുമാണ് കള്ള ഹദീസിലൂടെ അബൂഹുറൈറയും മുആവിയയും അറേബ്യൻ സുന്നികളെ പഠിപ്പിച്ചത്....!! ഇന്നും പുരോഗമനവാദികളായ സുന്നി-മുജാഹിദ്-ജമഅത്ത മൗലവിമാർ പോലും അതു വിശ്വസിക്കുകയും അത് നബിക്ക് കിട്ടിയ ഏറ്റവും വലിയ ‘ബഹുമതിയും’, അമാനുഷികതയും, യോഗ്യതയുമൊക്കെയായി വ്യാഖ്യാനിച്ച് പ്രചരിപ്പിക്കുകയും ചെയ്യുന്നു...!

## <u>ശ്രദ്ധേയമായ ഒരശ്രദ്ധയോ.....? അതല്ല ബുദ്ധിപരമായ മൌനമോ....?</u>

മനുഷ്യനെ ഞാൻ മണ്ണിൽ നിന്നു സൃഷ്ടിച്ചു (15:26)... (23:12), ജീവനുള്ളവയെ എല്ലാം ഞാൻ വെള്ളത്തിൽ നിന്നു സൃഷ്ടിച്ചു(21:30) (24:45) ജിന്നുകളെ(ജീനിയസ്സുകളെ-പ്രതിഭാശാലികളെ) നാം തീകൊണ്ടു സൃഷ്ടിച്ചു (55:14,15) എന്നൊക്കെ ആലങ്കാരികമായി ആവർത്തിച്ചു പഠിപ്പിച്ച ഖുർആൻ ഇവിടെ മാത്രം, (പേനയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പരാമർശിച്ചപ്പോൾ) ‘മനുഷ്യനെ ഞാൻ ഒരു മാംസപിണ്ഢത്തിൽ നിന്നു സൃഷ്ടിച്ചു’ എന്നു പറഞ്ഞതിന്റെ പൊരുൾ ഒരൊറ്റ സുന്നി-ശിയാ തഫ്സീറിലും രേഖപ്പെടുത്തിയിട്ടില്ലാ എന്നറിയുക...! വിദ്യാഭ്യാസമാണ് മനുഷ്യനെ മനുഷ്യനാക്കുന്നതും പരിപൂർണ്ണനാക്കുന്നതുമെന്നും,വിവരം കെട്ട മനുഷ്യൻ കന്നുകാലികളെപ്പോലെ അല്ലെങ്കിൽ പരാന്നഭോജിയായ അട്ടയെപ്പോലെ സഞ്ചരിക്കുന്ന ഒരു മാംസപിണ്ഢം മാത്രമാണെന്നും പ്രതീകാത്മകമായി പഠിപ്പിക്കുകയാണ് നബിയും അല്ലാഹുവും പ്രസ്തുത സൂക്തത്തിൽ ചെയ്തിട്ടുള്ളത്. നബി തിരുമേനിയുടെയും നാലു ഖലീഫമാരുടെയും കാലത്ത് അറേബ്യയിൽ (മക്കാ-മദീനയിൽ) നിലവിലുണ്ടായിരുന്ന ഈ അർത്ഥവും വ്യാഖ്യാനവും പ്രചരിപ്പിക്കുന്ന ഖുർആൻ പണ്ഡിതൻമാരെ-നബിക്ക് എഴുതാനും വായിക്കാനും അറിയാമായിരുന്നു എന്നു പറയുന്ന ഇമാം അബൂഹനീഫയെപ്പോലുള്ള പണ്ഡിതന്മാരെ- അവരുടെ കുടുംബത്തോടൊപ്പം കൂട്ടക്കൊലചെയ്തു പറ്റെ നാമാവിശേഷമാക്കി, ആ മരുഭൂമിയിൽ കുഴിച്ചുമൂടലായിരുന്നു അമവികളുടെയും, അബ്ബാസി രാജാക്കന്മാരുടെയും പ്രധാന ദൗത്യം . അവരിൽ ഏറ്റവും ഭീകരനായിരുന്നു ഹജ്ജാജുബിൻ യൂസഫ് എന്ന അമവി ഗവർണ്ണർ....!!

വിശുദ്ധ ഖുർആനിലെ പ്രഥമവും, പ്രധാനവുമായ ആ കൽപ്പന തന്നെ നബിയുടെ പേരിൽ ഒരു കള്ളക്കഥ

യുണ്ടാക്കി (കള്ളഹദീസുണ്ടാക്കി), തകർത്തുകൊണ്ടാണ് മുആവിയ സുന്നത്ത് ജമാഅത്ത് എന്ന തന്റെ സുന്നീ മതം ഉണ്ടാക്കിയത്....!! അതെങ്ങിനെയെന്ന് ശ്രദ്ധിക്കുക...!! അല്ലാഹുവിന്റെ സന്ദേശങ്ങളായ ഖുർആൻ സൂക്തങ്ങൾ, ജിബ്രീൽ എന്ന മലക്കുവഴി (അഥവാ ജിബ്രീൽ എന്ന ദൈവത്തിന്റെ ഒരു പ്രാപഞ്ചിക ശക്തി വഴി) മുഹമ്മദിന്റെ മനസ്സിലേക്ക് അവതരിപ്പിക്കുന്നത് അല്ലാഹവുവാണ് എന്ന് ഖുർആൻ വ്യക്തമാക്കുന്നു...! (2 : 97) അഥവാ ഖുർആൻ അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നബിയുടെ മനസ്സിലേക്കാണ് ജിബ്രീൽ കൊണ്ടു വരുന്നത് എന്നുസാരം. (ഹദീസിൽ പറഞ്ഞതുപോലെ വീടിന്റെ 'ഓടിളക്കി' യല്ല ജിബ്രീൽ ഇറങ്ങുന്നത് എന്നർത്ഥം). മാത്രമല്ല മതം പഠിപ്പിക്കാൻ 'മലക്കുകളെ' - അല്ലാഹുവിന്റെ പ്രാപഞ്ചിക ശക്തികളെ - മനുഷ്യരൂപത്തിൽ അയക്കില്ല എന്നും ഖുർആൻ വ്യക്തമാക്കുന്നു. (11:12,13 ) (6:8,9) (17:94,95). എന്നാൽ വിശുദ്ധ ഖുർആനിലെ അത്തരം സത്യങ്ങളൊക്കെ സാധാരണക്കാരിൽ നിന്ന് മറച്ചുവെച്ചുകൊണ്ട്, ജിബ് രീൽ എന്ന മലക്ക്, നബിയുടെ മുമ്പിൽ മനുഷ്യരൂപത്തിൽ വന്നു വന്നും, 'ഹിറാഗുഹ' യിൽ വെച്ച് ധ്യാന നിരതനായിരുന്ന മുഹമ്മദ് നബിയോട് 'വായിക്കുക' (ഇഖ്റഅ്) എന്നു പറഞ്ഞെന്നും, അപ്പോൾ നബി 'ഞാൻ വായനക്കാരനല്ല' എന്നു മറുപടി പറഞ്ഞെന്നും അപ്പോൾ, നബിയെ ജിബ്രീൽ എന്ന മലക്ക് (മനുഷ്യൻ) കെട്ടിപ്പിടിപ്പിച്ചു ഞെരുക്കിയെന്നും, അങ്ങിനെ മൂന്നു പ്രാവശ്യം നബിയെ പിടിച്ചു ഞെരുക്കിയെന്നും മൂന്നു പ്രാവശ്യം ഇഖ്റഅ് (നീ വായിക്കൂ) അഥവാ '(ഖുർആൻ) വായിക്കൂ' എന്നാജ്ഞാപിച്ചെന്നും തുടർന്നു നബി പരിഭ്രാന്തനായി പനിച്ചു വിറച്ചു തന്റെ പത്നിയായ ഖദീജയുടെ അടുത്തേക്ക് ഓടിയെന്നുമാണ് ആ കള്ളക്കഥ.!

പേനയുടെയും, വിദ്യാഭ്യാസത്തിന്റെയും മാഹാത്മ്യം പ്രത്യേകം പരാമർശിച്ചുകൊണ്ട്, വായിക്കാനും, വായിച്ചുവളരാനുമുള്ള വിശുദ്ധ ഖുർആനിന്റെ ആഹ്വാനം, അബൂഹുറൈറ കേവലം ഒരു 'ഖുർആൻ വായിക്കാനുള്ള കൽപ്പനയായി' വ്യാഖ്യാനിച്ചു അട്ടിമറിച്ചു. മുആവിയയുടെയും അബൂഹുറൈറയുടെയും ആ കള്ളക്കഥ (ആ കള്ളഹദീസ്) ഇരുനൂറു വർഷങ്ങൾക്കുശേഷം വന്ന ബുഖാരി ഗ്രന്ഥരൂപത്തിലാക്കിയപ്പോൾ, 'പേന' യുടെ ഭാഗം മറച്ചുവെച്ചു കൊണ്ടു തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചില അമവി പ്രഭുക്കന്മാരുടെയും അക്കാലത്ത് ഭരിച്ചിരുന്ന അബ്ബാസി രാജാക്കന്മാരുടെയും പ്രീതിയും ആദരവും നേടിയെടുക്കാൻ വേണ്ടിയാണ് അവരിൽ നിന്ന് വമ്പിച്ച പ്രതിഫലങ്ങളും പാരിതോഷികങ്ങളും ഏറ്റുവാങ്ങി ബുഖാരി അടക്കമുള്ള സുന്നീ- ഷിയാ പണ്ഢിതന്മാർ(സുവിശേഷകർ) ഖുർആൻ വിരുദ്ധമായ ഹദീസു ഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങിയത് എന്ന ചരിത്രസത്യം നാം ഒരുകാലത്തും മറന്നുപോകരുത്. 'സഹീഹുൽബുഖാരി' എന്ന സുന്നികളുടെ ഒന്നാം പ്രമാണത്തിലെ ആദ്യത്തെ ഹദീസിൽ തന്നെ അബൂഹുറൈറയും മുആവിയയും, ബുഖാരിയും പേനയുടെ ഭാഗം 'മോഷ്ടിച്ചത്' ഇന്നും കണ്ണുള്ളവർക്കു കാണാം....!!

ഖുർആനും മുഹമ്മദു നബിയും അറബികളെ വിദ്യാഭ്യാസത്തിലൂടെയും, സ്വതന്ത്ര ചിന്തയിലൂടെയും പുരോഗതിയിലേക്കു നയിക്കാൻ ശ്രമിച്ചപ്പോൾ, വിദ്യാഭ്യാസത്തിന്റെയും, പേനയുടെയുമൊക്കെ മഹത്വം അറബികളിൽ നിന്ന് മറച്ചുവെച്ച്, അവരെ തങ്ങളുടെ രാജകീയമായ ദുർഭരണത്തിൽ, ചൂഷണം ചെയ്യാൻ പാകത്തിൽ പാമരൻമാരായി നിലനിർത്തുക എന്നതായിരുന്നു അക്കാലത്ത് അത്തരം ദുർവ്യാഖ്യാനങ്ങളിലൂടെ അബൂഹുറൈറയും മുആവിയയും ഉദ്ദേശിച്ചത്...!! അതിലവർ വിജയിക്കുകയും ചെയ്തു. ഇന്നു ഭൂരിപക്ഷം സുന്നി മുസ്ലിംകളും ഒ.ബി.സി, (Other Backward Community) യിൽ പെട്ടതാവാൻ ഒരു കാരണം വിദ്യാഭ്യാസത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കുറവാണല്ലോ...!

നാം ഇന്നനുഭവിക്കുന്ന സുഖസൗകര്യങ്ങളുടെ ആയിരത്തിൽ ഒരംശംപോലും ഇല്ലാത്ത അക്കാലത്ത്, വിദ്യുച്ഛക്തിയോ, മോട്ടോർകാറുകളോ, മൊബൈൽഫോണുകളോ, കംപ്യൂട്ടറുകളോ, വിസ്മയാവഹമായ വാർത്താവിനിമയ സംവിധാനങ്ങളോ ഇല്ലാത്ത അക്കാലത്ത് - ഒരു കൊലപാതകമോ, ദുരന്തമോ നടന്നാൽ അത് പത്തൻപത് കിലോമീറ്റർ ദൂരെയുള്ളവർ അറിയാൻ ദിവസങ്ങളും ആഴ്ചകളും എടുക്കുമായിരുന്ന അക്കാലത്ത് - തനിക്കും തന്റെ കുടുംബത്തിനും വേണ്ടി ഒരു ദിവസത്തെ- അല്ല ഒരുനേരത്തെ- ആഹാരം സംഘടിപ്പിക്കുകയെന്നത് ഏറ്റവും വിഷമം പിടിച്ച ഒരു ഭഗീരഥ പ്രയത്നമായി സാധാരണക്കാരൻ കരുതിയിരുന്ന അക്കാലത്ത് - എഴുതപ്പെട്ട ഒരു ഗ്രന്ഥം ഒരു മഹാത്ഭുതമായി കണക്കാക്കിയിരുന്ന ആ കാട്ടറബികളുടെ കാലത്ത് - മുആവിയയുടെയും അമവികളുടെയും 92 വർഷം നീണ്ടുനിന്ന ആ കിരാത രാജഭരണകാലത്ത്- ഖുർആൻ എന്ന വേദം തനിച്ചു പ്രബോധനം ചെയ്യാൻ പാടുണ്ടായിരുന്നില്ല...!! അബൂഹുറൈറയും, തന്റെ 800 ശിഷ്യന്മാരും അവരുടെ ഏജന്റുമാരും അടങ്ങുന്ന സംഘം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള ഖുർആനല്ലാതെ, ആരെങ്കിലും ഖുർആൻ എന്ന വേദം തനിച്ചു പ്രബോധനം ചെയ്താൽ- എതെങ്കിലും ഒരു ഖുർആൻ സൂക്തമോതി വാദിക്കുകയോ തർക്കിക്കുയോ, രാജാക്കൻമാരെ വിമർശിക്കുകയോ ചെയ്താൽ - അവനെ അടുത്ത

പ്രഭാതം കാണിക്കാതെ, മതവിരുദ്ധനും, രാജ്യദ്രോഹിയുമായി മുദ്രകുത്തി, കൊത്തിനുറുക്കി, ആ മരുഭൂമിയിൽ കുഴിച്ചുമൂടുന്ന ഹജ്ജാജിനെപ്പോലുള്ള ഗവർണ്ണർമാർ വരെ, മുആവിയക്കും, മർവാനും, മക്കൾക്കും ഉണ്ടായിരുന്നു...!!

'ഉമ്മിയ്യുക' ളായ അറബികളിലേക്ക് ഒരു നബിയും വന്നിട്ടില്ലെന്നും, നബിമാർ വരാതിരിക്കാൻ കാരണം അല്ലാഹു അവരെ ശപിച്ചതുകൊണ്ടാണെന്നും, അങ്ങിനെ ആ ശപിക്കപ്പെട്ട വർഗ്ഗത്തെ ചൂഷണം ചെയ്യുന്നതിൽ 'വേദക്കാരായ' തങ്ങളെ (ജൂതൻമാരെയും കൃസ്ത്യാനികളെയും) ദൈവം ശിക്ഷിക്കില്ലെന്നും (2:111,114) (5:41) (5:57,59) (5:66,68) (3:72,75) അറബികളെ ചൂഷണം ചെയ്യുന്നതിലോ, അവരോട് എന്തെങ്കിലും തരത്തിലുള്ള അനീതി കാട്ടുന്നതിലോ തങ്ങളെ ('വേദക്കാരെ') ശിക്ഷിക്കുകയാണെങ്കിൽ തന്നെ ഏതാനും ദിവസം മാത്രമെ 'നരകശിക്ഷ നമ്മെ സ്പർശിക്കുകയുള്ളു' വെന്നും ജൽപ്പിച്ചിരുന്ന ചില ജൂതന്മാരും - കൃസ്ത്യാനികളും വരെ അന്ന് അറേബ്യയിൽ ഉണ്ടായിരുന്നു. വേദക്കാരുടെ ആ മനോഭാവത്തിനെതിരായും, ആക്രമത്തിനെതിരായും അറബികളിലെ സാത്വികരും നല്ലവരുമായ വ്യക്തികൾ അല്ലാഹുവിനോടു പ്രാർത്ഥിക്കാറുണ്ടായിരുന്നുവത്രെ...!!

ഒടുവിൽ അവരുടെ ആ പ്രാർത്ഥനക്കുത്തരമായികൊണ്ടാണ് അല്ലാഹു മുഹമ്മദ് നബിയെ 'ഉമ്മിയ്യുകളിലേക്കുള്ള നബിയായി' നിയോഗിച്ചത് !! ( 2:89 )(37:167-170) (38:4) ജൂതന്മാരിലേക്കു മൂസാ നബി വന്നതുപോലെ, കൃസ്ത്യാനികളിലേക്ക് ഈ സാനബി വന്നതുപോലെ, 'ഉമ്മിയ്യു' കളിലേക്ക് (അറബികളിലേക്ക്) 'നബിയ്യിൽ ഉമ്മിയ്യ്' , (ഉമ്മിയ്യുകളുടെ നബി ) വന്നു...! എന്നാൽ 'നബിയ്യിൽ ഉമ്മിയ്യ് 'എന്നു പറഞ്ഞാൽ എഴുത്തും വായനയും അറിയാത്ത നബി എന്നാണ് അർത്ഥമെന്നും അതുകൊണ്ട് നബിയും അന്നത്തെ ഉമ്മിയ്യുകളെപ്പോലെ എഴുത്തും വായനയും വശമില്ലാത്ത ഒരു 'വിവരംകെട്ട നബി' യായിരുന്നു എന്നുമാണ് അബൂഹുറൈറ കള്ള ഹദീസിലൂടെ പിന്നീട് പഠിപ്പിച്ചത്....!!

## നബിയാണ് അറബികൾക്ക് ഖുർആൻ എന്ന വേദഗ്രന്ഥം പഠിപ്പിച്ചുകൊടുക്കുന്നതെന്നു വിശുദ്ധഖുർആൻ ....! നബിക്ക് എഴുത്തും വായനയും അറിയില്ലെന്നു അബൂഹുറൈറ :-

ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക. (62 : 2) (2 : 151) (10:15,16)

രാജാധിരാജനും പരമപരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായ പ്രപഞ്ചനാഥനെ(അല്ലാഹുവെ) ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു..

'അക്ഷരജ്ഞാനമില്ലാത്തവർ' (അഥവാ നിരക്ഷര കുക്ഷികൾ - അഥവാ ഉമ്മിയ്യുകൾ എന്നു ചില ജൂതൻമാരും കൃസ്ത്യാനികളും കളിയാക്കിയിരുന്ന അറബികൾ) ക്കിടയിൽ നിന്ന് തന്റെ വചനങ്ങൾ അവർക്കു വായിച്ചു കേൾപ്പിക്കുകയും, അവരെ (അറബികളെ) സംസ്കരിക്കുകയും, അവർക്കു വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കാൻ അവരിൽ നിന്നു തന്നെയുള്ള ('ഉമ്മിയ്യുക' ളിൽ നിന്നു തന്നെയുള്ള) ഒരു ദൂതനെ നയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ (അറബികൾ) മുമ്പ് വ്യക്തമായ വഴികേടിൽത്തന്നെയായിരുന്നു...!! (62 : 2) വീണ്ടും കാണുക.

## മാനവരാശിക്ക് അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹം വായനാശീലമാണെന്ന് വിശുദ്ധ ഖുർആൻ ....!! എന്നാൽ അതു പഠിപ്പിച്ച നബി എഴുത്തും വായനയും അറിയാത്ത നിരക്ഷരകുക്ഷിയായിരുന്നു എന്ന് അബൂഹുറൈറ...!!

കാവ്യഭംഗ്യകൊണ്ടും പ്രാസഭംഗികൊണ്ടും പ്രതീകാത്മക വർണ്ണനകൊണ്ടും വിശുദ്ധ ഖുർആനിലെ ഏറ്റവും മനോഹരമായ ഒരദ്ധ്യായമാണ് 'അർറഹ് മാൻ.' (55 : 1), അതാരംഭിക്കുന്നതു തന്നെ 'അർ റഹ്മാൻ'. അല്ലമൽഖുർആൻ - 'അത്യുദാരൻ -അവൻ- (ദൈവം) മനുഷ്യനെ വായന പഠിപ്പിച്ചു' എന്നു പറഞ്ഞുകൊണ്ടാണ്. അറബീ ഭാഷയിൽ ഖുർആൻ എന്ന പദത്തിനു വായന എന്നൊരർത്ഥമുണ്ട്...!! അർറഹ് മാൻ (പരമകാരുണികൻ (ദൈവം) (55) എന്ന അധ്യായം മുഴുവൻ മാനവരാശിക്കു ജാതിമതഭേദമന്യേ അല്ലാഹു നൽകിയ മുപ്പതോളം മഹാനുഗ്രഹങ്ങളുടെ ഒരു ചെറുവിവരണമാണ്...!!

മനുഷ്യനെ സൃഷ്ടിച്ചതും, അവന്ന് മറ്റു ജീവികളിൽ നിന്ന് വ്യത്യസ്ഥമായി സംസാരിക്കാനുള്ള കഴിവു നൽകിയതും, അവന്റെ നിലനിൽപ്പിന്നാധാരമായിക്കൊണ്ട് സൂര്യ-ചന്ദ്രൻമാരെ ആകാശ ലോകത്ത് വിന്യസിച്ചതും, സമീപത്തുള്ള ആകാശത്തെ മനോഹരമായ നക്ഷത്രദീപങ്ങളുടെ സമുച്ചയങ്ങൾ കൊണ്ടലങ്കരിച്ചതും, വായുവും, വെള്ളവും, സസ്യങ്ങളും വൃക്ഷങ്ങളും, പക്ഷിമൃഗാദികളും, സസ്യലതാദികളുമായി - (പർവ്വതങ്ങളും,അരുവികളും, നദികളും) സമുദ്രങ്ങളുമായി -

ഈ ഭൂമിയെ മനുഷ്യർക്കു സന്തോഷത്തോടെയും സംതൃപ്തിയോടെയും ജീവിക്കാൻ പാകത്തിൽ ഒരുക്കിവെച്ചതും, മനുഷ്യർക്കു വിശേഷബുദ്ധി നൽകിയതും, ആണും പെണ്ണുമായി ഈ ഭൂമിയിലെ ജീവജാലങ്ങളെയെല്ലാം ഇണകളായി സൃഷ്ടിച്ചതും, കടലിലും കരയിലും അവനെ വാഹനത്തിലേറ്റിയതും ന്യായവും അന്യായവും തിരിച്ചറിയാൻ പാകത്തിൽ, നീതിബോധത്തിന്റെ 'തുലാസ്സ്" നൽകിയതും...! അങ്ങിനെ സർവ്വാനുഗ്രഹങ്ങളുടെയും ഉറവിടമായ മുപ്പതോളം അനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രസ്തുത അദ്ധ്യായത്തിലുള്ളത്. എന്നാൽ അത്തരം എല്ലാ അനുഗ്രഹങ്ങളെല്ലാം എണ്ണിപ്പറയുമ്പോൾ അതിന്റെ മുന്നോടിയായി, - ആദ്യം തന്നെ - ഖുർആനും നബിയും പരാമർശിക്കുന്നത് 'മനുഷ്യന്നു വായിക്കാനുള്ള കഴിവ് നൽകി' എന്ന പ്രത്യേകതയാണ്. നബി മദീനയിൽ പ്രബോധനം ചെയ്തിരുന്ന കാലത്ത് പഠിപ്പിച്ചിരുന്നതും അങ്ങിനെയാണ്. എന്നാൽ നബിയുടെ മരണം കഴിഞ്ഞ് സുമാർ ഇരുപതു വർഷം കഴിഞ്ഞപ്പോൾ - നബിക്കു പകരം മുആവിയ രാജാവായപ്പോൾ - ഇസ്‌ലാം അഹ് ലുസ്സുന്നത്തായപ്പോൾ - ഖുർആൻ 'മുസ്ഹഫ് ഉസ്മാനി' യായി പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോൾ- 'വായന' എന്നർത്ഥം വരുന്ന ഖുർആൻ എന്ന പദത്തിന്നു, സുന്നികളുടെ വേദഗ്രന്ഥമായ ഖുർആൻ - എന്ന അർത്ഥം നൽകി, പ്രചരിപ്പിക്കാൻ തുടങ്ങി. അങ്ങിനെ അർത്ഥം പറയാനും പ്രചരിപ്പിക്കാനും വിസമ്മതിച്ചവരെ ഹജ്ജാജും മറ്റമവി ഗവർണ്ണർമാരും ഭീഷണിപ്പെടുത്തുകയും കൊന്നൊടുക്കുകയും ആ മരുഭൂമിയിൽ കൂട്ടത്തോടെ കുഴിച്ചുമൂടുകയും ചെയ്തു.....!

ഖുർആൻ അതിന്റെ സംപൂർണ്ണ അർത്ഥത്തോടുകൂടി ഓരോരുത്തരുടെയും മാതൃഭാഷയിൽ ലഭിക്കുമ്പോൾ അതു സർവ്വലോകത്തിന്നും അനുഗ്രഹമാണ്. സംശയമില്ല. എന്നാൽ അതു അറബിഭാഷയിലുള്ള (ഖുർആൻ) മുസ്ലിംകളുടെ (അഥവാ ഭൂമിയിലെ ഒരു വിഭാഗത്തിന്റെ മാത്രം) വേദഗ്രന്ഥമാണ്. എന്നാൽ വായിക്കുക എന്ന കഴിവ് ജാതി മതഭേദമന്യേ, ദൈവം എല്ലാമനുഷ്യർക്കും നൽകിയതാണ്....!!, ആ അദ്ധ്യായത്തിൽ തുടർന്നു പറയുന്ന അനുഗ്രഹങ്ങളെല്ലാം, എല്ലാമതക്കാർക്കും, എല്ലാ ജാതികൾക്കും, എല്ലാ ദേശക്കാർക്കും, എല്ലാഭാഷക്കാർക്കും ഒരു പോലെ ബാധകമാണെന്നിരിക്കേ, ഖുർആനിന്റെ സാഹിത്യനിയമമനുസരിച്ച് ആ അദ്ധ്യായത്തിന്റെ തുടക്കത്തിൽ തന്നെ പരാമർശിക്കുന്ന ആ അനുഗ്രഹം എല്ലാമതക്കാർക്കും ജാതിക്കാർക്കും ഒരു പോലെ ബാധകമാവേണ്ടതും ആ രീതിയിൽ വ്യാഖ്യാനിക്കേണ്ടതുമാണ്.... !! അപ്പോൾ അവിടെ ഖുർആൻ എന്ന പദം കൊണ്ടുള്ള വിവക്ഷ 'വായന' യാണെന്നും അതു മുസ്ലിംകളുടെ വേദഗ്രന്ഥമായ ഖുർആൻ അല്ല, എന്നും സാമാന്യ ബുദ്ധിയുള്ള ഏതു സഹൃദയനും മനസ്സിലാകുന്ന കാര്യമാണ്. 'ഇനി ഖുർആൻ' എന്നാണ് അബൂഹുറൈറയും സഹോദരസുന്നികളും അർത്ഥം വെക്കുന്നതെങ്കിൽ: (തൌറാത്തും ഇഞ്ചീലും പോലെ - ബൈബിൾ പഴയ നിയമവും പുതിയ നിയമവും പോലെ - ദൈവം മാനവരാശിക്കു നൽകിയ പൂർവ്വവേദങ്ങൾപോലെ - 'ഖുർആൻ' എന്ന വേദം പഠിപ്പിച്ചു, എന്നു പരിഭാഷപ്പെടുത്തണമായിരുന്നു....!! കാരണം ഭൂമുഖത്തുവന്നുപോയ എല്ലാ ദൈവദൂതൻമാരും എല്ലാ വേദഗ്രന്ഥങ്ങളെയും ഒരുപോലെ കാണുക എന്നതാണ് മുസ്ലിംകളുടെ നിലപാട് (2:285) (5:59) (3:84) (3:119) (3:136) എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്...!! സുന്നികൾ കരുതുന്നതുപോലെ - അബൂഹുറൈറ പഠിപ്പിച്ചതുപോലെ - സുന്നികളല്ലാത്ത ഭൂമിയിലുള്ള എല്ലാ മതക്കാരും മുഴുവനായും പിഴച്ചുപോയിട്ടില്ല.! അല്ലാഹുവിന്റെ ഒരു വേദഗ്രന്ഥവും നശിച്ചുപോയിട്ടുമില്ല...!! യഥാർത്ഥ ബൈബിൾ പഴയ നിയമവും, ബൈബിൾ പുതിയ നിയമവും അനുസരിച്ചു ജീവിക്കുന്ന ധാരാളം ജൂതൻമാരും ക്യസ്ത്യാനികളും ഇന്നുമുണ്ട്. (3:199) (5:66) (5:43,48) (3:75) എന്നുമുണ്ടായിരിക്കുകയും ചെയ്യും. മുസ്ലീംകൾ ഖുർആനിൽ നിന്നകന്നു സുന്നികളും ഷിയാക്കളും ആയി 'അ മുസ്ലിം' കൾ ആയതുപോലെ, ഹിന്ദുക്കളിൽ 95 ശതമാനവും ബ്രഹ്മം എന്തെന്നറിയാത്ത 'അബ്രാഹ്മണർ' ആയതുപോല, ആ വേദക്കാരിലെ വലിയ വിഭാഗം വഴി തെറ്റിപ്പോയി എന്നു മാത്രം.. എന്നാൽ ഒരു ചെറിയ ന്യൂനപക്ഷം ജൂതന്മാരും ക്യസ്ത്യാനികളും ഹിന്ദുക്കളും മുസ്ലിംകളും എല്ലാ മതക്കാരും - ഇപ്പോഴും നിലനിൽക്കുന്നു...! അവരുടെ കയ്യിൽ അവരുടെ വേദഗ്രന്ഥം സുരക്ഷിതമാണ്..!! അത് കേവലം ഒരാളായാൽ പോലും...!! അങ്ങിനെ അതാതുകാലത്തെ ദൈവദൂതനെയും, വേദഗ്രന്ഥത്തെയും പിൻപറ്റുന്ന മറ്റു മതക്കാരിലെ യഥാർത്ഥ വിശ്വാസികൾ (അവർ വളരെ ചെറിയ ന്യൂനപക്ഷമായാലും) ഒരിക്കലും അവരുടെ മതം ഉപേക്ഷിച്ചു, 'നബി' യുടെ കൂടെകൂടി (അല്ലെങ്കിൽ സുന്നിമതത്തിൽ ചേർന്ന്) അഞ്ചുനേരം, അറബി ഭാഷയിൽ പ്രാർത്ഥിക്കണെന്നോ, ബാങ്കുകൊടുക്കണെമെന്നോ ചേലാകർമ്മം ചെയ്യണമെന്നോ ഒരു നിയമം നബിയോ നാലു ഖലീഫമാരോ നടപ്പിലാക്കിയിരുന്നില്ല...! ഖുർആൻ അനുസരിച്ച് നബിക്ക് അതിന്നു (ഖുർആനിൽ ഇല്ലാത്തത്) ചെയ്യാൻ പാടുണ്ടായിരുന്നില്ല. നബിയുടെ ഇസ്ലാംമതത്തെ 'സുന്നത്ത് ജമാഅത്ത് ' എന്ന അനാചാരമതമാക്കി, അറേബ്യയിൽനിന്ന് തബ്ലീഗ് പ്രവർത്തനത്തിലൂടെ സംഘടിതമായി പ്രചരിപ്പിച്ച മുആവിയയും, അബൂഹുറൈറയുമാണ് അത്തരം വഷളൻ സുന്നിനിയമങ്ങൾ ഇസ്ലാമിന്റെ പേരിൽ ലോകത്ത് പരത്തിയത്...!!. (ഈ ഭാഗം കൂടുതലായി 'ഇസ്സാം - ലോകസമാധാനത്തിന്റെ മതം' എന്ന

ഭാഗത്ത് നാം വിശദമാക്കിയിട്ടുണ്ട്.)

'ചുരുക്കത്തൽ, ഒരൊറ്റദൈവം, ഒരൊറ്റ ജനത - മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കൾ - ഈ രീതിയിലുള്ള അറേബ്യയുടെ (മുന്നൂറോളം വരുന്ന അറേബ്യൻ ഗോത്രങ്ങളുടെ) ഏകീകരണവും('തൌഹീദും'), സർവ്വമതസത്യവാദവും, ലോകസാഹോദര്യവും മതസഹിഷ്ണതയും (49:13) (23:52) (39:6) (2:213) (21:92) (21:30) (2:62) (5:68) അറേബ്യയിൽ കൊണ്ടുവന്ന നബിയുടെ 'ഇസ്ലാമിക പ്രസ്ഥാന'ത്തെ (ഖുർആനിനെ) ഒരു കേവലം അറേബ്യൻ വർഗ്ഗീയ സംഘടനയാക്കി മാറ്റാൻ മുആവിയയുടെ കൂടെയുള്ള ജൂതലോബി വർഷങ്ങളോളം 'കിണഞ്ഞു പരിശ്രമിച്ച'തിന്റെ അനന്തരഫലമാണ് 'അഹ്ലുസ്സുന്നത്തു വൽജമാഅത്ത്.' അത്തരം ഞെട്ടിപ്പിക്കുന്ന കുറെ സത്യങ്ങളിലേക്കാണ്, ചേകന്നൂർ മൗലവിയുടെ ഓരോ ഗ്രന്ഥങ്ങളും നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്...!!

**വീണ്ടു കാണുക.** വിശുദ്ധ ഖുർആനിലെ ദശക്കണക്കിനു അദ്ധ്യായങ്ങൾ അറബി അക്ഷരങ്ങളെക്കൊണ്ടും, പേനയെക്കൊണ്ടും സത്യം ചെയ്തുകൊണ്ടു തുടങ്ങുന്നതുകാണാം. അലിഫ്, ലാം, മീം, സ്വാദ്.. ( 2:1, 7:1, 10:1, 11:1, 12, 13, 14, 15, 19) എന്നിങ്ങനെ അറബി അക്ഷരങ്ങളെക്കൊണ്ട് സത്യം ചെയ്തുകൊണ്ടാണ് വിശുദ്ധഖുർആനിലെ പല അദ്ധ്യായങ്ങളും ആരംഭിക്കുന്നത്.

''നൂൻ' (എന്ന അറബി അക്ഷരവും) (അതെഴുതുന്ന) പേനയും അവർ എഴുതുന്നതും തന്നെയാണ് സത്യം...' (68:1) ... **ചേകന്നൂർ മൌലവി** തന്റെ സുപ്രസിദ്ധമായ **'ഇസ്ലാം കാര്യം ഖുർആനിൽ അഞ്ചല്ല – പത്തുണ്ട്'** എന്ന ഗ്രന്ഥത്തിൽ എഴുതിയതു ശ്രദ്ധിക്കുക...! 'പേനകൊണ്ടു ഞാൻ സത്യം ചെയ്യുന്നു എന്നാണ് ഖു: 68 : 1-ൽ അല്ലാഹു പറഞ്ഞത് അതായത് പ്രപഞ്ചത്തിൽ വമ്പിച്ച പുരോഗതികളും പരിവർത്തനങ്ങളുമുണ്ടാക്കുന്ന സൂര്യ-ചന്ദ്ര-നക്ഷത്രാദികളെക്കൊണ്ടും പരിവർത്തനങ്ങളുടെ സാക്ഷാൽ ഉൽപ്പത്തിയായ കാലത്തെ (103 : 1) കൊണ്ടും സത്യം ചെയ്യുന്ന കൂട്ടത്തിൽ, അക്കാലത്ത് 'നിരക്ഷരകുക്ഷി'കളായ അറബികൾ 'അരപ്പൈസ' പോലും വില കൽപ്പിക്കാത്ത, പേനകൊണ്ടും സത്യം ചെയ്യുകയാണല്ലോ, അല്ലാഹു ചെയ്തത്...!! ആയിരക്കണക്കിനു തൊഴിലുപകരണങ്ങൾ ലോകത്തുണ്ടെന്നിരിക്കെ, അവയിൽ തന്നെ എത്രയോ വിലപിടിപ്പുള്ള പല വസ്തുക്കളുണ്ടായിട്ടും, അവയിലൊന്നുകൊണ്ടും അല്ലാഹു സത്യം ചെയ്യുകയുണ്ടായില്ല. അപ്പോൾ മനുഷ്യ സൂഹത്തിന്റെ പുരോഗതിയിലും പരിവർത്തനത്തിലും, അക്ഷരാഭ്യാസത്തിനുള്ളത്ര പ്രാധാന്യം മറ്റൊരഭ്യാസത്തിനുമില്ലെന്നല്ലേ അത് ചൂണ്ടിക്കാട്ടുന്നത്. പക്ഷേ അബൂഹുറൈറാ താവഴിക്കാരായ 'സുന്നത്ത് ജമാഅത്തിലെ' ഒറ്റ പുരോഹിതനും, ഖുർആൻ ചൂണ്ടിക്കാണിച്ച ആ മഹത്വങ്ങളോ പ്രാധാന്യങ്ങളോ, അക്ഷരാഭ്യാസം വേണമെന്ന ഖുർആനിന്റെ ഏറ്റവും ആദ്യത്തെ ആവർത്തിച്ചുള്ള കൽപ്പനയോ, യാതൊന്നും സമുദായത്തിന്റെ ശ്രദ്ധയിൽപെടുത്തിയില്ല...!! അക്ഷരാഭ്യാസത്തെ ഏറ്റവും പ്രധാനപ്പെട്ട ഇസ്ലാം കാര്യമായി ഖുർആൻ വേണ്ടത്ര ബോധ്യപ്പെടുത്തി തന്നിട്ടും ഒറ്റ പുരോഹിതനും, അതിനെ ഒരു ചെറിയ 'ഇസ്ലാം കാര്യ' മായിട്ടുപോലും എണ്ണിയതുമില്ല...! എന്നാൽ അല്ലാഹുവിന്റെ ആ ആവർത്തിച്ചുള്ള കൽപ്പന ഒരു നിർബ്ബന്ധ കാര്യമായി അവരംഗീകരിച്ചോ...? അതുമില്ല. പോകട്ടെ ! വിദ്യാഭ്യാസം- അക്ഷരാഭ്യാസം - മുസ്ലിംകൾക്കു പൊതുവെ 'സുന്നത്താണെങ്കി'ലും - അതു നബിയുടെ ഒരു സുന്നത്താണെന്നെങ്കിലും പറയാൻ സുന്നത്തു ജമാഅത്തിലെ ഏതെങ്കിലും ഒരു പുരോഹിതൻ തയ്യാറായോ? അതും തഥൈവ..! എന്നു മാത്രമല്ല സമുദായത്തിലെ പകുതി വരുന്ന സ്ത്രീ ജനങ്ങൾക്ക് അക്ഷരാഭ്യാസം 'കറാഹത്താ'ണെന്നു വരെ -(-ചെയ്യാതിരുന്നാൽ നല്ലതാണെന്നു വരെ- ) 'ഫത്വ' (മതവിധി) ഇറക്കുകയല്ലേ കഴിഞ്ഞ കാലങ്ങളിലെ പല പുരോഹിത ദജ്ജാലുകളും ചെയ്തത്...!! നബിയുടെ വീട്ടുകാരികൾക്ക്, അക്ഷരാഭ്യാസം നൽകാനായി ഒരു 'ട്യൂഷൻ ടീച്ചറെ' (ശഫ്ഫാഅ് എന്ന സ്ത്രീയെ) നബി നിശ്ചയിച്ചിരുന്നുവെന്നും, അങ്ങിനെ നബിയുടെ വീട്ടിലുള്ള സ്ത്രീകൾ അതു പഠിച്ചിരുന്നുവെന്നുമൊക്കെ വ്യക്തമാക്കുന്ന ഒരു ഹദീസ് സുന്നികളുടെ പ്രമാണഗ്രന്ഥമായ 'സുനനു അബൂദാവൂദിൽ ' പോലും രേഖപ്പെടുത്തിവെച്ചിട്ടും, സ്ത്രീകൾക്ക് അക്ഷരാഭ്യാസം നൽകൽ ഇസ്ലാമികമല്ലെന്നു പ്രചരിപ്പിച്ച ആ പുരോഹിതപ്പരിശകളെ ദജ്ജാലുകൾ എന്നു വിളിച്ചത് ശരിയല്ലെന്ന അഭിപ്രയം ഒരു ശരിയായ മുസ്ലിമിന്നുണ്ടാകുമെന്ന് തോന്നുന്നില്ല...! (**മൗലവി ചേകന്നൂർ – 'ഇസ്ലാം കാര്യങ്ങൾ ഖുർആനിൽ അഞ്ചല്ല. പത്തുണ്ട്'** - എന്ന ഗ്രന്ഥത്തിൽ നിന്ന്).

## ചേകന്നൂർ മൗലവിയുടെ ഖുർആനിക വാദങ്ങൾ സൌദി പണ്ഡിതന്മാർ അംഗീകരിക്കുന്നു...!!

**ചേകന്നൂർ മൗലവി** തന്റെ പ്രസിദ്ധമായ '**ഇസ്‌ലാംകാര്യം ഖുർആനിൽ അഞ്ചല്ല, പത്തു്** ' എന്ന ഗ്രന്ഥത്തിൽ എഴുതിയത് ശ്രദ്ധിക്കുക.

## നബി അക്ഷരാഭ്യാസം പഠിച്ചുവെന്ന് ഖുർആൻ വ്യക്തമാക്കുന്നത് കാണുക

' ഖു: 25 : 5ൽ അല്ലാഹു പറഞ്ഞു: ''ആ സത്യനിഷേധികൾ പറയുന്നു: (മുഹമ്മദ് പറയുന്ന) ആ വാർത്തകളെല്ലാം പൂർവ്വികരുടെ കെട്ടുകഥകൾ മാത്രമാണ്. (ചില പുരോഹിതൻമാരിൽ നിന്ന്) അവനത് എഴുതി എടുക്കുകയാണ് ചെയ്യുന്നത്. അങ്ങിനെ രാവിലെയും വൈകുന്നേരവുമൊക്കെ അവന്നത് ചൊല്ലിക്കൊടുക്കപ്പെടുന്നു. എന്നാൽ നീ (അവരോട്) പറയുക: ഭൂമിയിലേയും ഉപരിഗോളങ്ങളിലേയും രഹസ്യങ്ങളെല്ലാം അറിയുന്ന സർവ്വജ്ഞനാണ് അത് (ഖുർആൻ) അവതരിപ്പിച്ചുതന്നതെന്ന്.

നോക്കുക! മേൽസൂക്തത്തിൽ 3 വാദങ്ങളാണ് ഖുർആൻ നിഷേധികളുടേതായി ഖുർആൻ ചൂണ്ടിക്കാണിച്ചത്.

1. നബിക്ക് അക്ഷരാഭ്യാസമറിയാമെന്ന്.
2. നബി പറയുന്നതെല്ലാം കെട്ടുകഥകളാണെന്ന്.
3. ആരൊക്കെയോ നബിക്കത് ചൊല്ലിപ്പിടിപ്പിച്ചതാണെന്ന്.

ഇങ്ങനെ മൂന്ന് വാദങ്ങൾ അവരുന്നയിച്ചിതിൽ 2-ഉം 3-ഉം മാത്രമാണ് ഖുർആൻ നിഷേധിച്ചത്. അതായത്: നബിക്ക് അക്ഷരാഭ്യാസം അറിയാമെന്ന ആദ്യത്തെ വാദം ഖുർആനൊരിക്കലും നിഷേധിച്ചില്ലെന്നും അഥവാ അത് സമ്മതിച്ചെന്നു സാരം. നേരെമറിച്ച് അത് സമ്മതിക്കുന്നില്ലെങ്കിൽ അതിനെയാണല്ലോ ഖുർആനാദ്യം നിഷേധിക്കുക. കാരണം: അത് നിഷേധിച്ചാൽ പിന്നെ രണ്ടും മൂന്നും നിഷേധിക്കേണ്ട ആവശ്യമേയില്ല. എന്ത്കൊണ്ടെന്നാൽ അക്ഷരാഭ്യാസം തീരെയില്ലാത്ത ഒരാളെപ്പറ്റി, അയാൾ പല കെട്ടുകഥകളും എഴുതി എടുക്കുന്നുണ്ടെന്നും എന്നിട്ടതൊക്കെ അയാൾക്കാരോ ചൊല്ലിപഠിപ്പിക്കുന്നുണ്ടെന്നുമുള്ള അപഹാസ്യമായ കള്ളവാദങ്ങൾക്ക് പിന്നെ മറുപടി പറയേണ്ട ആവശ്യമുണ്ടോ? അപ്പോൾ അക്ഷരാഭ്യാസത്തെ തീരെ നിഷേധിക്കാതെ, മറ്റേത് രണ്ടും നിഷേധിച്ചപ്പോൾ അക്ഷരാഭ്യാസം നിഷേധിക്കാൻ പറ്റില്ലെന്ന് തീർച്ചയായി. ഖുർആനിന്റെ കൽപനയനുസരിച്ച് നബി അത് പഠിച്ചതുകൊണ്ടു തന്നെ.

## നബിയെ നിരക്ഷരകുക്ഷിയാക്കാൻവേണ്ടി ഖുർആനിൽ കൃത്രിമം ചെയ്യാൻ ശ്രമിച്ചത് കാണുക!

മേൽവിവരിച്ച ഖുർആൻ സൂക്തം കൊണ്ട് നബി അക്ഷരാഭ്യാസം പഠിച്ചിട്ടുണ്ടെന്ന് ശരിക്കും തെളിയുമെന്ന് കണ്ടപ്പോൾ ഖുർആൻ വ്യാഖ്യാനക്കാരിലെ ചില പുരോഹിതപരിഷകൾ ചെയ്ത പണി എന്തെന്നല്ലേ: പ്രസ്തുത ഖുർആൻ സൂക്തത്തിന്റെ വായന മാറ്റിമറിച്ചുകൊണ്ടാശയം അട്ടിമറിക്കുകതന്നെ. അതായത്: ആ സൂക്തത്തിലെ 'ഇക്തതബഹാ' എന്ന വാക്യം വായിക്കുമ്പോൾ 'നബി സ്വയം എഴുതിയിരുന്നു' എന്നർത്ഥം സിദ്ധിക്കുന്നതിന് പകരം 'ഉക്തുതിബഹാ' എന്ന് വായിക്കുക വഴി 'നബിക്ക് വേണ്ടി ആരോ എഴുതിക്കൊടുത്തിരുന്നു' എന്നർത്ഥമാക്കി മാറ്റി. എങ്കിലല്ലേ നബി കേവലം ഒരു നിരക്ഷരകുക്ഷിയായിരുന്നുവെന്ന ജൂതനുണപ്രചരണം നിലനിൽക്കുകയുള്ളൂ. പക്ഷേ, പ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ബൈളാവിയും മറ്റും ഉദ്ധരിച്ച ആ ദുർവ്യാഖ്യാനക്കാർക്ക് ശരിയായ അറബീഗ്രാമർ അറിയാമായിരുന്നില്ലെന്നാണ് തെളിയുന്നത്. കാരണം: 'ഉക്തുതിബഹാ' എന്ന വായന ശുദ്ധ അറബീഭഷാ നിയമപ്രകാരം തികച്ചും തെറ്റാണ്. 'നബിക്ക് വേണ്ടി ആരോ എഴുതി' എന്ന അർത്ഥം ലഭിക്കണമെങ്കിൽ 'ഉക്തുതിബത്ത്‌ലഹൂ' എന്നു മാത്രമേ പറയാൻ പാടുള്ളൂ. ഇത് അറബിഭാഷ ശരിക്ക് പഠിച്ചവർക്കറിയാവുന്ന കാര്യമാണ്. എന്നിരിക്കുമ്പോൾ അതൊന്നും മനസ്സിലാക്കാതെ 'ഉക്തുതിബഹാ' എന്ന് വായിക്കുകയും അതിന്നു മേൽപ്രകാരം അർത്ഥം നൽകുകയും ചെയ്തത് അവരുടെ വിവരക്കേട് കൊണ്ടല്ലെങ്കിൽ തനിജൂതത്തരം കൊണ്ടാണെന്നതിൽ സംശയമില്ല. ഏതായാലും ഖുർആനിന്റെ ശരിയായ ആശയങ്ങൾ അട്ടിമറിക്കാൻ വേണ്ടി അതിന്റെ വള്ളിപുള്ളികളിലൊക്കെ ധാരാളം കയ്യേറ്റങ്ങൾ നടത്താൻ പുരോഹിതവർഗ്ഗം നൂറ്റാണ്ടുകളായി ശ്രമിച്ചുപോന്നിട്ടുണ്ടെന്നും എന്നാൽ, വിശുദ്ധ ഖുർആനിന്റെ ഭദ്രവും അലംഘനീയവുമായ നിയമങ്ങൾ മൂലം അതൊന്നും വിജയിച്ചില്ലെന്നും നാം ശരിക്കും മനസ്സിലാക്കേണ്ടിയിരുന്നു. ഖുർആനിന്റെ സംരക്ഷണം അല്ലാഹു സ്വയം ഏറ്റെടുത്ത സ്ഥിതിക്ക് അതിൽ നടത്തപ്പെട്ട സകല കൃത്രിമങ്ങളും ഏതെങ്കിലും കാലത്ത് വെളിക്ക് വരാതിരിക്കില്ലെങ്കിലും നാം പൂർണ്ണമായും വിശ്വസിക്കേണ്ടതുണ്ട്. പക്ഷേ, അതിന്നെന്ത് വേണമെന്നല്ലേ: 'സുന്നത്ത് ജമാഅത്ത് ' എന്ന ഖുർആനേതര മുദ്രാവാക്യം പറ്റെ വലിച്ചെറിഞ്ഞു കൊണ്ട് ഖുർആൻ പഠിക്കാനും അതിൽ ചിന്തിക്കാനും നാം തയ്യാറാവുക തന്നെ വേണം. എങ്കിലേ ഖുർആനിൽ നടത്താൻ ശ്രമിച്ച കൃത്രിമങ്ങൾ കണ്ട് പിടിക്കാനും അതിന്റെ പിന്നിലുണ്ടായിരുന്ന ദുഷ്ടബുദ്ധിയും ജൂതമനസ്ഥിതിയും മനസ്സിലാക്കാനും അത് വഴി വിശുദ്ധ ഖുർആനിന്റെ സുന്ദരാദർശങ്ങളും അത് വഴി വിശുദ്ധ ഖുർആനിന്റെ സുന്ദരാദർശങ്ങളും പാവനനിയമങ്ങളും പുറത്ത് കൊണ്ടുവരാനും കഴിയുകയുള്ളൂ. '

### ചേകന്നൂർ മൗലവിയുടെ ഖുർആനിക വാദങ്ങൾ സൌദി പണ്ഡിതന്മാർ അംഗീകരിക്കുന്നു...!!

എഴുത്തും വായനയും അറിയാത്ത ഒരു 'നിരക്ഷരകുക്ഷി'യായിരുന്നു നബി എന്നു വരുത്തിത്തീർക്കാൻ വിശുദ്ധ ഖുർആനിലെ 'നബി സ്വയം എഴുതിയിരുന്നു' എന്നർത്ഥം വരുന്ന 'ഇക്തതബഹാ' എന്ന വാക്യം വികലമായ ഒരു ഉച്ചാരണത്തിലൂടെ (വായനയിലൂടെ - ഖിറാഅത്തിലൂടെ) അബൂഹുറൈറയും മുആവിയയും പിന്നീട് അവരെ തുടർന്ന് വന്ന അമവികളും

'നബിക്കുവേണ്ടി ആരോ എഴുതി' എന്ന് വ്യാഖ്യാനിക്കാൻ പാകത്തിൽ 'ഉക്തുതിബഹാ' എന്നാക്കി മാറ്റിയതും അറബി ഭാഷാ നിയമപ്രകാരം അതു തെറ്റാണെന്ന് സുമാർ 25 വർഷം മുമ്പ് ചേകന്നൂർ മൗലവി പ്രസംഗിക്കുകയും ഗ്രന്ഥമെഴുതുകയും ചെയ്തത് നാം കണ്ടുവല്ലോ. ഇപ്പോഴിതാ ചേകന്നൂർമൗലവിയുടെ ആ വാദഗതികൾ നൂറുശതമാനവും സത്യമായിരുന്നു എന്ന് അംഗീകരിച്ചുകൊണ്ടുള്ള ഖുർആനിന്റെ പ്രതികൾ സൗദി അറേബ്യയിലെ, മദീനാ മുനവ്വറയിലെ കിംഗ്ഫഹദ് ഖുർആൻ പ്രിന്റിംഗ് പ്രസ്സിൽ നിന്നും അച്ചടിച്ച് പുറത്തുവന്നിരിക്കുന്നു. പ്രസ്തുത 'മുസ്ഹഫിൽ ഉക്തുതിബഹാ' എന്നതിനുപകരം 'ഇക്തതബഹാ' എന്നു തന്നെയാണുള്ളത്...! സൗദി അറേബ്യ, ബഹ്റൈൻ, ഖത്തർ എന്നിവിടങ്ങളിലൊക്കെ പ്രചാരണത്തിലുള്ള ശരിയായ 'ഖിറാഅത്തോ'ടു കൂടിയ ആ ഖുർആൻ കേരളത്തിലുള്ള ഖുർആൻ സുന്നത്തുപ്രവർത്തകർക്കിടയിൽ സുലഭമാണ്. താൽപര്യമുള്ളവർ അതുവാങ്ങി പരിശോധിക്കുക.. അതിൽ നബിതിരുമേനി അറേബ്യയിൽ - അറബികളിലൂടെ - സമർപ്പിച്ച ഇസ്ലാം എന്ന ശാന്തിമാർഗ്ഗത്തെ അബൂഹുറൈറയും മുആവിയയും അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത് ആക്കി മാറ്റിയപ്പോൾ - വിശുദ്ധഖുർആൻ മുസുഹഫ് ഉസ്മാനി'യാക്കി തരംതാഴ്ത്തിയപ്പോൾ ചെയ്തൊപ്പിച്ച കൃത്രിമങ്ങളെല്ലാം - ചേകന്നൂർ മൗലവി അക്കമിട്ടു സമർപ്പിച്ച കൃത്രിമങ്ങളെല്ലാം - തിരുത്തിയതായികാണാം. (അൽഹംദുലില്ലാ..). മുആവിയയും, യസീദും, അബൂഹുറൈറയും, മർവാനും, അബ്ദുൽ മലിക്ക് ബിൻ മർവാനും, വലീദും, ഹിഷാംബിൻ അബ്ദുൽ മലിക്കും തുടങ്ങി അമവി(സുന്നീ)രാജാക്കന്മാരും' അവരുടെ ഗവർണ്ണർമാരായിരുന്ന സിയാദും, ഇബ്നുസിയാദും, ഹജ്ജാജുബിൻ യൂസുഫുമൊക്കെ 92 വർഷം കൊണ്ട് പടുത്തുയർത്തിയ സുന്നത്തുജമാഅത്ത് എന്ന ഖുർആൻ വിരുദ്ധ ഹദീസു പ്രസ്ഥാനത്തെ ന്യായീകരിക്കാൻ വേണ്ടി, ഖുർ ആനിൽ കൈകടത്താൻ ശ്രമിച്ചതും അവർ പരാജയപ്പെട്ടതും, പ്രസ്തുത മുസ്ഹഫിൽ നമുക്കു കാണാം...!! വികലമായ ഒരു വായനയിലൂടെ 'അർജുലിക്കും' എന്നത് 'അർജുലക്കും' (5:6) എന്നാക്കിയതും, 'മലിക്കി' എന്നുള്ളത് 'മാലിക്കി' (1:3) എന്നാക്കിമാറ്റിയതും, അല്ലാഹു' എന്നു വായിക്കേണ്ടതിനു പകരം ലില്ലാഹി' (23 : 84 - 89) എന്നാക്കി മാറ്റിയതും, ഖുൽ' എന്നതിനെ ഖാലാ' (21:4) എന്നാക്കി മാറ്റിയതും 'ഇക്തതബഹാ' എന്ന വായന 'ഉക്തതുബിഹാ' എന്നാക്കി മാറ്റിയതും (25:45) ആധുനിക സൗദി പണ്ഢിതന്മാർ തിരുത്തിയത് നമുക്ക് കാണാം. അതു നമുക്ക് പ്രതീക്ഷയ്ക്ക് വക നൽകുകയും ചെയ്യുന്നു. അഥവാ നബിയുടെ കാലത്തുണ്ടായിരുന്ന ശരിയായ 'ഖിറാഅത്തോ'ടു കൂടിയ (വായനയോടുകൂടിയ) ഖുർആനും, അമവി - അബ്ബാസി രാജാക്കന്മാരുടെ കാലഘട്ടത്തിൽ നടപ്പിലാക്കിയ വികലമായ ഉച്ചാരണത്തോടും വ്യാഖ്യാനങ്ങളോടും കൂടിയ രണ്ടുതരം 'മുസ്ഹഫുകൾ' (ഖുർആൻ) സൗദി അറേബ്യയിൽ നിന്നു തന്നെ അച്ചടിച്ചുവരുന്നത് നമുക്ക് കാണാൻ കഴിയുന്നു എന്നു സാരം. വളരെ വൈകിയാണെങ്കിലും ചേകന്നൂർ മൗലവിയുടെ 'ജിഹാദ്' ഫലം കാണുന്നു എന്നു സാരം.

**പ്രത്യേകം ശ്രദ്ധിക്കുക..!**

വിശുദ്ധ ഖുർആനിന്റെ ഒറിജിനൽ പ്രതികളിൽ യാതൊരു കൂട്ടിച്ചേർക്കലും കിഴിക്കലും നടത്താൻ സാധ്യമല്ലെന്ന് മനസ്സിലായപ്പോൾ വിശുദ്ധ ഖുർആനിന്റെ സ്വരചിഹ്നങ്ങൾ മാറ്റി (ഫത്ഹും കെസറുമൊക്കെ മാറ്റിയിട്ടുകൊണ്ട്) അർത്ഥവും വ്യഖ്യാനവും മാറ്റിമറിക്കാനാണ് തങ്ങളുടെ എല്ലാ സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവുമായ സ്വാധീനമുപയോഗിച്ച് അബൂഹുറൈറയും, അമവീ രാജാക്കന്മാരും അവരെത്തുടർന്നു വന്ന ചില അബ്ബാസി രാജാക്കന്മാരും ശ്രമിച്ചത്. അതായത് 'ഇ'കാരത്തിനു പകരം 'അ' കാര ചിഹ്നമിട്ടുകൊണ്ടും, 'ഇ' കാരത്തിനു പകരം 'ഉ' കാര ചിഹ്നമിട്ടുകൊണ്ടും 'അ' എന്നതിനു പകരം 'ആ' എന്നാക്കിക്കൊണ്ടും അർത്ഥ വ്യത്യാസം വരുത്താൻ ശ്രമിക്കുകയാണ് അവർ ചെയ്തത് എന്നുസാരം. ഇതു മുമ്പ് ധാരാളം ഉദാഹരണങ്ങളിലൂടെ ചേകന്നൂർ മൗലവി തന്റെ ഓരോ ഗ്രന്ഥത്തിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതെല്ലാം തിരുത്തിക്കൊണ്ടാണ് പുതിയ 'മുസ്ഹഫുകൾ' സൗദി അറേബ്യയിൽ ഇറങ്ങുന്നത്.(അല്ലാഹുവിന് സ്തുതി.)

## നബിയുടെ വിദ്യാഭ്യാസ വീക്ഷണങ്ങൾ

ആദ്യമായിറങ്ങിയ ഖുർആൻ വചനം, വായിക്കാനും വായിച്ചു വളരാനും വേണ്ടിയുള്ള ഒരു കൽപ്പനയായിരുന്നുവല്ലോ. 'നിരക്ഷരകുക്ഷികൾ' (വിവരം കെട്ടവർ - അഥവാ ഉമ്മിയ്യുകൾ) എന്നു ലോകം കളിയാക്കിയിരുന്ന അറബികൾക്ക് ആദ്യമായി വേണ്ടതും വിദ്യാഭ്യാസം തന്നെയായിരുന്നു...!! മദീനയിൽ നബി തിരുമേനി തന്റെ ഇസ്ലാമിക ഭരണം സ്ഥാപിച്ചപ്പോൾ ആദ്യമായി പണിതത് കുട്ടികൾക്കുവേണ്ടി ഒരു മദ്രസ്സ ( School) യായിരുന്നു...!! മദീനയുടെ പ്രാന്തപ്രദേശത്തുള്ള 'മസ്ജിദുൽ ഖൂബ' യോടും ചേർന്നായിരുന്നു ആദ്യത്തെ പള്ളിക്കൂടം. അവിടെ നബി തിരുമേനി തന്നെ പലപ്പോഴും നേരിട്ടുവന്നു കുട്ടികൾക്കു ക്ലാസ്സെടുക്കുമായിരുന്നു. ഒരേ ക്ലാസ്സിൽ തന്നെ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു ഭാഗത്തായി ഇരുത്തിയായിരുന്നു വിദ്യാഭ്യാസം. എഴുത്തും, വായനയും, അറബിവ്യാകരണവും, മക്കയിൽ അവതരിച്ച ഖുർആനിലുള്ള ചെറിയ ചില സൂക്തങ്ങളുമായിരുന്നു നബി പഠിപ്പിച്ചിരുന്നത്...1! അടിമകളായിരുന്ന പെൺകുട്ടികളെപ്പോലും മദ്രസ്സയിൽ കൊണ്ടുവരാൻ നബി വെള്ളിയാഴ്ച പ്രസംഗങ്ങളിൽ ആഹ്വാനം ചെയ്തിരുന്നു. പിന്നീട് അത്തരത്തിലുള്ള ഒമ്പതു ചെറിയ പള്ളി - മദ്രസ്സകൾ മദീനയുടെ പലഭാഗത്തായി നിലവിൽ വന്നു. ബദർ യുദ്ധത്തിൽ മുസ്ലിംകൾ വമ്പിച്ച വിജയം കൈവരിച്ചപ്പോൾ എഴുത്തും, വായനയും അറിയുന്ന ചില ഖുറൈശി ഭടൻമാരെ തടവിലാക്കിയിരുന്നുവല്ലോ. ശത്രുക്കളായിട്ടുപോലും അഭ്യസ്ഥവിദ്യരായ തടവുകാരെ നബി പ്രത്യേകം പരിഗണിച്ചു. അവർക്ക് മദീനയിലെ പത്തു മുസ്ലിം കുട്ടികൾക്കു എഴുത്തും വായനയും പഠപ്പിക്കുക എന്നതായിരുന്നു 'മോചനദ്രവ്യം'. ഒമ്പത് മാസത്തെ അദ്ധ്യാപനത്തിനു ശേഷം ബദറിൽ വെച്ചു നബി പിടിച്ച തടവുകാരായിരുന്ന ആഖുറൈശി യോദ്ധാക്കളെ നബി മക്കയിലേക്കുതന്നെ ആദരവോടെ യാത്രയാക്കി...!! അവരിൽ പലരും പിന്നീട് മക്കയിൽ നിന്നു തിരിച്ചു വന്നു നബിയുടെ കൂടെചേർന്നു.

പ്രാഥമിക മദ്രസ്സകൾ (Primary school) കൂടാതെ, ഉന്നത വിദ്യാഭ്യാസത്തിന്നായി സഫ്ഫയിൽ, നബിയുടെ പള്ളിയോടു ചേർന്ന് ഒരു 'ഉന്നത വിദ്യാഭാസ കേന്ദ്രവും' നബി ആരംഭിച്ചു. ഇന്നത്തെ Residential University പോലെ ആയിരുന്നു അത്. ഉബാദത്തുബിൻസാമിത്തായിരുന്നു അവിടെ പ്രധാന അദ്ധ്യാപകൻ (Principal). വിദൂര ഗോത്രങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു താമസിക്കാൻ മസ്ജിദുൽഖുബയിൽ തന്നെ നബി തിരുമേനി സൗകര്യമൊരുക്കിയിരുന്നു.അവിടെ ഖുർആനും തൗറാത്ത്, ഇഞ്ചീൽ പോലുള്ള പൂർവ്വവേദങ്ങളും മക്കയിലും മദീനയിലും ജാഹിലീയാ കാലത്തിൽ വളരെ പ്രസിദ്ധമായിരുന്ന കവിതകളും (മുഅല്ലഖ) ആയിരുന്നു പ്രധാന വിഷയങ്ങൾ. ഖുർആൻ സൂക്തങ്ങൾ എളുപ്പത്തിൽ പഠിക്കുകയും മനപ്പാഠമാക്കുകയും ചെയ്യുന്ന കുട്ടികളുടെ ഒരു വിഭാഗവും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇസ്ലാം സ്വീകരിച്ച ഗോത്രങ്ങളിലേക്കും പ്രവിശ്യകളിലേക്കുമുള്ള ഗവർണർമാരോടൊപ്പം ഖുർആൻ അറിയുന്ന ഇത്തരം പണ്ഡിതൻമാരെയും ഖുർആൻ പഠനത്തിന്നുവേണ്ടി നബി അയച്ചിരുന്നു. വ്യാകരണനിയമങ്ങൾക്കുപുറമേ ഭാഷാ അലങ്കാരനിയമങ്ങളും, പ്രസംഗകലയും (Rhetorics), സാഹിത്യരചനയും (Calligraphy) പ്രധാന വിഷയങ്ങളായിരുന്നു.

ഈ പള്ളിമദ്രസകളിലെ അദ്ധ്യാപകരിൽ നിന്നാണ് നബി ഇസ്ലാം സ്വീകരിച്ച ഗോത്രങ്ങളിലേക്കുള്ള പ്രതിനിധികളെയും ഗവർണ്ണർമാരെയും തിരഞ്ഞെടുത്ത് അയച്ചിരുന്നത്. ഉബാദത്തുബിൻ സാമിത്ത്, മുആദുബിൻ ജബൽ, അബൂദർദ്, ഇമാം അലി തുടങ്ങിയവർ അവരിൽ ചിലരാണ്. പലപ്പോഴും ആ അദ്ധ്യാപകരെ ചൂണ്ടിക്കാട്ടി നബി പറയാറുണ്ടായിരുന്നുവത്രെ "തീർച്ചയായും അവർ തന്നെയാണ് എന്റെ യഥാർത്ഥ പിൻഗാമികൾ": 'മാനുഷികവളർച്ചയുടെ മൂർത്തിമദ്ഭാവമാണ് അദ്ധ്യാപകർ' എന്നും നബി പറയാറുണ്ടായിരുന്നു. വിദേശഭാഷകൾ അറിയുന്ന പലരും നബിയുടെ ഭരണസമിതിയിൽ ഉണ്ടായിരുന്നു. സിറിയൻ, പേർഷ്യൻ പ്രവശ്യകളിലെ അനറബികളായ രാജാക്കൻമാർക്ക് കത്തെഴുതുകയും അവിടുത്തെ സ്ഥിതിഗതികൾ അറിയാനും അവിടെയൊക്കെ നബിതിരുമേനി നിയോഗിച്ച രാഷ്ട്രീയചാരൻമാരിൽ നിന്ന് അന്നാട്ടിലെ വിവരങ്ങൾ ശേഖരിക്കലുമായിന്നു അവരുടെ പ്രധാന ജോലി. പേർഷ്യൻ ഭാഷ, ലാറ്റിൻ, ഗ്രീക്ക്, ഹീബ്രു ഭാഷകൾ അറിയുന്ന വ്യക്തിയായിരുന്നു ഖുർആൻ പണ്ഡിതനായിരുന്ന സൈദുബിൻ സാബിത്. അബ്ദുല്ലാഹിബിൻ സുബൈറും ഒരു ബഹുഭാഷാപണ്ഡിതനായിരുന്നു.( Note 1)

ഉയർന്ന ക്ലാസിലെ വിദ്യാർത്ഥികൾക്ക് അറബിഭാഷയും ഖുർആനും കൂടാതെ ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, ഊർജ്ജതന്ത്രം എന്നിവയുടെ അന്ന് ലഭ്യമായിരുന്ന ബാലപാഠങ്ങളും, തർക്കശാസ്ത്രവും പഠിപ്പിക്കപ്പെട്ടിരുന്നു. ബുദ്ധിപരമായ ഇത്തരം ശിക്ഷണങ്ങൾക്കുപുറമേ വിദ്യാർത്ഥികളുടെ കായികവിദ്യാഭ്യാസത്തിലും നബിതിരുമേനി പ്രത്യേകം ഊന്നൽ നൽകിയിരുന്നു. ഗുസ്തിയും, അസ്ത്രവിദ്യയും (Archery), ഓട്ടപ്പന്തയവും, കുതിരസവാരിയുമായിരുന്നു മുഖ്യയിനങ്ങൾ. അക്കാലത്ത് ഇസ്ലാമിന്റെയും മദീന ആസ്ഥാനമാക്കി നബി തിരിമേനി സ്ഥാപിച്ച കൊച്ചു ഇസ്ലാമിക രാഷ്ട്രത്തിന്റെയും മുസ്ലിംകളുടെയും നിലനിൽപ്പിനെ ചോദ്യം ചെയ്തിരുന്ന പല ബാഹ്യശക്തികളെയും ചെറുത്തു നിൽക്കാനും, തകർത്തു മുന്നേറാനും പര്യാപ്തമായിരുന്ന ഒരു വിദ്യാഭ്യാസശൈലിയായിരുന്നു നബിയും, നബിയുടെ പ്രൈവറ്റ് സെക്രട്ടറി പദവി അലങ്കരിച്ചിരുന്ന ഇമാം അലിയും ആസൂത്രണം ചെയ്തിരുന്നത്.

---

Note1: **അബ്ദുല്ലാഹിബിൻ സുബൈർ**: മുപ്പതു വർഷങ്ങൾക്കു ശേഷം, (അതായതു നബിയും ഖലീഫാ ഉമറും മദീന ആസ്ഥാനമായി സ്ഥാപിച്ച ഇസ്ലാമിക ഭരണം അവസാനിപ്പിക്കുകയും, മുആവിയ സിറിയ ആസ്ഥാനമായി രാജഭരണം ആരംഭിക്കുകയും ചെയ്തപ്പോൾ) നബിയെപ്പോലെ- ഖലീഫാ ഉമറിനെപ്പോലെ മക്ക ആസ്ഥാനമാക്കി ഇസ്ലാമിക ഭരണം തിരിച്ചുകൊണ്ടുവരാൻ ഒരു ശ്രമം നടത്തിയ വ്യക്തിയായിരുന്നു അബ്ദുള്ളാഹിബിൻ സുബൈർ. പക്ഷെ മുആവിയയുടെ മകൻ യസീദിന്റെയും, അബ്ദുൾ മലിക്ക് ബിൻമർവാന്റെയും ഗവർണ്ണറായിരുന്ന- കൊടും ഭീകരനായിരുന്ന- ഹജ്ജാജു ബിൻ യൂസുഫ് സിറിയിയൽ നിന്ന് പതിനായിരം പേരടങ്ങുന്ന ഒരു വലിയ സൈന്യവുമായി വന്ന് മക്കാപട്ടണത്തെ അക്ഷരാർത്ഥത്തിൽ അടിച്ചു പൊളിച്ചു നാമാവശേഷമാക്കി. മക്കയിലെ കഅബക്കുള്ളിൽ അഭയം തേടിയ അബ്ദുള്ളാഹിബിൻ സുബൈറിനെയും കൂട്ടുകാരെയും, കഅബയുടെ മതിൽ തകർത്തു പിടികൂടി. തീയിട്ടും ,'മിൻജനീഖ്' എന്ന പഴയകാല ബുൾഡോസർ ഉപയോഗിച്ചുമാണ് ഹജ്ജാജ് കഅബയുടെ ചുമർ തകർത്തത്. ബന്ധനസ്ഥനാക്കിയ അബ്ദുല്ലാഹിബിൻ സുബൈറിന്റെയും മറ്റ് മൂന്നു പേരുടെയും കയ്യും കാലും വെട്ടിമാറ്റി, തലകുന്തത്തിൽ നാട്ടി, മൃതശരീരം നാലു കുരിശിൻ മുകളിലായി തറച്ചു, മക്കാ പട്ടണത്തിന്റെ കവാടത്തിൽ മാസങ്ങളോളം തൂക്കിയിട്ടു. അതിൽ പിന്നെ നബിയെപ്പോലെ(ഖലീഫാ ഉമറിനെപ്പോലെ- ഇമാം അലിയെപ്പോലെ) ഖുർആൻ അനുസരിച്ചു ഭരിക്കാൻ ശ്രമിച്ച ഒരൊറ്റ ഭരണാധികാരിയും അറേബ്യൻ ചരിത്രത്തിൽ ഉണ്ടായിട്ടില്ല.! ചരിത്രപരമായ ആ ഭാഗം നാം പിന്നീട് പഠിക്കുന്നുണ്ട്.

*പരിഭാഷകൾക്ക് കടപ്പാട്*

മൗലവി ചേകന്നൂർ.
മുതൂർ അബൂബക്കർ മൗലവി.
സെയ്തലവി അൻസാരി.
കെ,.ടി.കെ. അഹമ്മദ്

**ഡോ: എം. അബ്ദുൾ ജലീൽ**